# അനുരാഗം

പി. വി. കുഞ്ഞഹമ്മദ് കോയ II B. Com.

മാനത്തിലോളങ്ങൾ,......മേഘങ്ങൾ
മഴവിൽ തോണി തുഴഞ്ഞു !
സായാഹ്നവേളയിലാരോ
സന്ധ്യാനദിയിൽ നീന്തിക്കളിച്ചു.

ആകാശഗംഗയിൽ പൂത്തുല്ലസിക്കും
ആമ്പൽപ്പൂക്കളീ താരങ്ങൾ !
നീലരാവിന്റെ ഗാനഹൃദയത്തിൽ
നീയാംപൂവിനു രാഗം പകർന്നു.

പ്രഭാതരശ്മി തൻ ക്ഷേത്രനടയിൽ
പ്രസാദവുമായൊരു കുസുമം വിടർന്നു !
തേനും ഗാനവും പാടിവന്നൊരു
തേനീച്ച പൂവിനെ വാരിപ്പുണർന്നു !!

# അപരാധ

എം. രാമചന്ദ്രൻ II B.S

അതിവേഗമാവേർപാടോടിയെത്തുന്നു, കഷ്ട–
മതിലപ്രതീക്ഷിതമെല്ലാരും തകരുന്നു !
ആയിരമനുഭൂതിയലകളും സ്മരണയിട—
ലാടൽതൻ കൊടുങ്കാററതാഞ്ഞാഞ്ഞുവീശിടുന്നു.
ആക്കൊടുങ്കാററിൽ, തോണിയാഴിയിൽപോലെന്നോമ
പൊൽക്കിനാവുകളയ്യോ ചാഞ്ചാടിക്കളിക്കുന്നു.

ആനന്ദസുഗന്ധികളാവിദ്യാലയനാൾകൾ
ഞാനതിൻലഹരിയിലാമഗ്നനായേൻചിരം.
അഞ്ജനമെഴുതിയ രണ്ടുകണ്ണുകൾഞാനാ—
മംബുജത്തിനെച്ചുററിപ്പറക്കും നേരത്തെല്ലാം
ആശകൾ, ആകാശത്തിൽ കോട്ടകൾപണിതീർത്തു
ഹാ ശവകുടീരങ്ങളാമവയെന്നാരോർത്തു !

ആരിതിലപരാധി, ഞാനല്ലെൻ യുവതമാ—
ണോരുകിൻക്കൂട്ടാളിയോ കുസൃതിക്കാരൻ രാഗം ?

# കരിയിലകളുടെ ക

—MOHANAN P. V.
I M.A. Eng.

അപഭംഗംവന്ന
രശ്മിയായ്,
ശ്രുതിഭംഗംവന്ന
രാഗമായ്,
ഗ്രീഷ്മത്തിലെ
കാർമേഘമായ്,
ഞാനണഞ്ഞപ്പോൾ
ഒരു നീർപ്പോളപോലെ
നിന്റെ ഹൃദയം
എന്റെ ദുഃഖങ്ങളെ
പ്രതിഫലിപ്പിച്ചു.
നിന്റെ മുറുകിനിന്ന
തന്ത്രികളിൽ
എന്റെ ഗാനങ്ങൾ
അനുരണനങ്ങളുണ്ടാക്കി.
ഒടുവിൽ–
പാതയിലെ കരിയിലകൾ
ഒരു ചുഴലിക്കാററിൽ
മേലോട്ടുയർന്നു്
തങ്ങൾക്കുനഷ്ടപ്പെട്ട
ചില്ലകൾതേടുന്നതുപോലെ,
വൃഥാ,
ഞാനുമേതോ
മോഹത്തിന്റെ ചുഴലിക്കാററിൽ
ഒരുകരിയിലയായ്
മേലോട്ടുയർന്നു.
നഷ്ടസ്വപ്നങ്ങളെതേടി.
വീണ്ടും,
ഈ ഗ്രീഷ്മസ്വപ്നങ്ങളുടെചാരം
അന്തരീക്ഷത്തിൽ
പാറി നടക്കുമ്പോൾ
ഏതോ അപസ്വരം
നിന്റെ വീണാ തന്ത്രികളിൽ
പൊടുന്നനെ ഞെട്ടിയുണരുമ്പോൾ
ഓർക്കുക;
ഒരു കരിയിലക്കൂടി
നഷ്ടപ്പെട്ട ചില്ലകൾതേടി
പറന്നകന്നുവെന്നു്.

# മാററം

ഉസ്മാൻ, മാറഞ്ചേരി
II B. S

മോഹങ്ങളൊക്കെയും വീണുടഞ്ഞു
മോഹനസ്വപ്നം തകർന്നടിഞ്ഞു.
നട്ടുവളർത്തിയ പൂച്ചെടികൾ
പററെയുണങ്ങിക്കരിഞ്ഞുപോയീ.—
താരുകൾ പണ്ടുവിടർന്നിരുന്നു
തളിരുകൾ പണ്ടു വിരിഞ്ഞിരുന്നു.
ആരോമൽ സ്വപ്നങ്ങൾപെയ്തുഞാനും
ആരാമത്തണലിലിരുന്നിരുന്നു.

ഇന്നോ നിരാശതൻ ഘോരസർപ്പം
കണ്ണുചുവപ്പിച്ചു നിന്നിടുന്നു.
എല്ലാവെളിച്ചവും കെട്ടടങ്ങി
എല്ലാചലനവും നിന്നുപോയി.
പൊട്ടിനുറുങ്ങിവിപഞ്ചി, രാഗം
മുററിയ തന്ത്രികളററുപോയീ !
അന്തരാത്മാവിലിരുട്ടുകേറീ
ചിന്തയിൽ തേളുകൾ ചേർന്നിഴഞ്ഞു.
ആരാമമല്ലിന്നൊരന്തരംഗം
ഘോരദുഃഖത്തിൻ സമുദ്രമത്രേ.

# പ്രേമഗാനം

ശശികുമാർ പി.

II B. Sc., (Chemistry)

അന്നാപുലർകാലവെട്ടം പരന്നപ്പോൾ
അത്തിമരച്ചോട്ടിൽ ഞാനിരുന്നു
എൻപ്രേമഭാവത്തിന്നാത്മീയഗീതങ്ങൾ
പൈംകുളിർ കാററിലലിഞ്ഞൊഴുകി

എൻമോഹവാടിയിൽ നിൻമൗനഭാവങ്ങൾ
എണ്ണമില്ലാസ്വപ്നസൂനങ്ങളായ്
ലോലംതുടിയ്ക്കയായോരോനിമിഷവും
നീലാംബരത്തിലെ താരകൾപോൽ

എന്നുള്ളിൽ പ്രേമത്തിൻദീപംകൊളുത്തുവാൻ
വന്നെത്തുകില്ലേ നീ വെണ്ണിലാവേ.
ആത്മാവിലാനന്ദ നിർവൃതിതൂകുവാൻ
തൂമന്ദഹാസവുമായ് വരില്ലേ ?

ചെന്തളിർച്ചുണ്ടിലെ പുഞ്ചിരിമായുമ്പോൾ
എൻമനംവാടിക്കരിഞ്ഞിടുന്നു
എന്നനുരാഗത്തെസാക്ഷാൽക്കരിച്ചീടി_
ലന്നുഞാനെത്രയോ ധന്യനായി.

# "THOSE WERE THE DAYS"

P. UBAID, I B. A. (English)

When I was a happy monkey,
When he was a happy monkey,
Who was my mythical ancestor,
Who was everyone's mythical ancestor,

Some liberty I had,
Some rights I had,
Some pleasure I had,
Some leisure he had,

When I lost my long tail,
When he lost his long tail,
When God angrily removed my tail,
When I happily avoided my tail,

Caught me a life of suffering,
Sought I for a joyous suffering,

Then started the splitting of atom,
Then happened the discovery of neutron,

I jumped into the modern century,
Man bombed in this trembling century.

Total misery life became,
Total machine man became,

Mansions were nightmares to hovels,
Man's nightmare was intelligence,

Could I get my ancient tail,
Could I get my beautiful tail,
Could I get my pleasant tail,
Would I go to my old palace.